ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 21.08.2024

## പ്രധാനവാർത്തകൾ

1. ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി പോളണ്ടിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്. വാർസയിലെ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി ഇന്ന് സംവദിക്കും.

2. ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ സാധനങ്ങൾ ഉൾപ്പെടുത്തി ആറ് ലക്ഷം സൗജന്യ കിറ്റുകൾ വിതരണം ചെയ്യാൻ മന്ത്രിസഭാ തീരുമാനം.

3. ശാരദാ മുരളീധരൻ സംസ്ഥാനത്തിൻറെ അടുത്ത ചീഫ് സെക്രട്ടറിയാവും. ഹോക്കിതാരം പി.ആർ ശ്രീജേഷിന് രണ്ട് കോടി രൂപ പാരിതോഷികം നൽകാനും തീരുമാനം.

4. കഴക്കൂട്ടത്ത് നിന്നും കാണാതായ അസം സ്വദേശിയായ പെൺകുട്ടിക്ക് വേണ്ടി തമിഴ്നാട്ടിൽ തെരച്ചിൽ ഊർജിതമാക്കി പോലീസ്.

5. കേരള ബ്രാൻഡിന് തുടക്കം കുറിയ്ക്കുന്ന ആദ്യ ലൈസൻസ് മന്ത്രി പി. രാജീവ് കൈമാറി.

6. സംസ്ഥാനത്ത് എം-പോക്സ് ജാഗ്രത കർശനമാക്കാൻ നിർദ്ദേശം നൽകി ആരോഗ്യ മന്ത്രി വീണാ ജോർജ്.

**************************************

## പ്രധാനമന്ത്രി - പോളണ്ട്

ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി പോളണ്ടിലെത്തി. വാർസയിലെ സൈനിക വിമാനത്താവളത്തിൽ അദ്ദേഹത്തിന് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. രണ്ട് ദിവസത്തെ പോളണ്ട് സന്ദർശനത്തിൽ, പോളിഷ് പ്രസിഡൻറ് ഓൺഡ്രോ ഡൂഡ, പ്രധാനമന്ത്രി ഡോണൾഡ് ടസ്ക്, എന്നിവരുമായി ശ്രീ മോദി കൂടികാഴ്ച നടത്തും. 45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം ഇന്ന് സംവദിക്കും. യൂറോപ്പിലെ പ്രധാന സാമ്പത്തിക സഹകരണ ശക്തിയായ പോളണ്ടുമായുള്ള സഹകരണം കൂടുതൽ ശക്തമാക്കാൻ പ്രധാനമന്ത്രിയുടെ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തൽ. തുടർന്ന്, ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വൊളോഡിമിർ സെലൻസ്കിയുമായി പങ്കുവയ്ക്കുമെന്ന് യാത്രയ്ക്ക് മുന്നോടി ശ്രീ മോദി പറഞ്ഞു.

RNUTVPM

**************************************

## മന്ത്രിസഭാ ഓണക്കിറ്റ് - 1

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എഎവൈ കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. 5 ലക്ഷത്തി 99,000 കിറ്റുകളാണ് വിതരണം ചെയ്യുക. ഇതിന് 34.29 കോടി

രൂപ മുൻകൂറായി സപ്ലൈകോയ്ക്ക് അനുവദിച്ചു. റേഷൻകടകൾ മുഖേനയാണ് വിതരണം.വയനാട് ഉരുൾപ്പൊട്ടൽ ദുരന്തബാധിത പ്രദേശങ്ങളിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

*************************************

## ശാരദ മുരളീധരൻ

ശാരദാ മുരളീധരൻ സംസ്ഥാനത്തിൻറെ അടുത്ത ചീഫ് സെക്രട്ടറി. ചീഫ് സെക്രട്ടറി വി. വേണു ഈ മാസം വിരമിക്കുന്നതിലാനാണ് മന്ത്രിസഭ ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. നിലവിൽ പ്ലാനിങ്ങ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ് ശാരദാ മുരളീധരൻ. പാരിസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി താരം പി ആർ ശ്രീജേഷിന് 2 കോടി രൂപ പാരിതോഷികം അനുവദിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു.

RNU TVPM

*************************************

## പെൺകുട്ടി - തെരച്ചിൽ - ഇൻട്രോ

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്നും കാണാതായ അസം സ്വദേശിയായ പെൺകുട്ടിക്ക് വേണ്ടിയുള്ള തെരച്ചിൽ ഊർജിതമായി തുടരുന്നു. കന്യാകുമാരിയിലും നാഗർകോവിലിലും പോലീസ് സംഘം തെരച്ചിൽ നടത്തി. കുട്ടി മൂന്ന് പ്രാവശ്യം ട്രെയിനിൽ കയറിയിറങ്ങിയതായാണ് ഇപ്പോൾ ലഭിക്കുന്ന വിവരം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

(വോയ്സ്)

*************************************

## കേരള ബ്രാൻഡ്

കേരള ബ്രാൻഡിൻറെ ആദ്യ ലൈസൻസ് മന്ത്രി പി. രാജീവ് കൈമാറി. ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ കേരള നിർമിത ഉത്പന്നം എന്ന തനതായ ബ്രാൻറ് നാമത്തിൽ കമ്പനികൾക്ക് ഉൽപ്പന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ ഇതിലൂടെ കഴിയുമെന്ന് മന്ത്രി പറഞ്ഞു. ഗുണമേന്മ, ധാർമ്മികത എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത ആറ് കമ്പനികൾക്കാണ് ആദ്യഘട്ടത്തിൽ ലൈസൻസ് കൈമാറിയത്. തുടർന്ന് 14 ഉത്പന്നങ്ങൾക്ക് കൂടി ലൈസൻസ് നൽകും. കയറ്റുമതി മെച്ചപ്പെടുത്തുന്നതിന് ലൈസൻസ് സഹായിക്കുമെന്നും ചുരുങ്ങിയ കാലം കൊണ്ട് തന്നെ കേരള ബ്രാൻറ് മുന്നേറുമെന്ന് ഉറപ്പുണ്ടെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*************************************

## എംപോക്സ്

എംപോക്സ് ചില രാജ്യങ്ങളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനം ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കേന്ദ്ര മാർഗനിർദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിലും നിരീക്ഷണ ടീം പ്രവർത്തിക്കുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ വിമാനത്താവളത്തിൽ റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

************************************

## പുലികളി - എം.ബി രാജേഷ്

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷ പരിപാടികൾ വിപുലമായി നടത്തേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനമെന്നും എന്നാൽ പുലികളി നടത്തുന്നത് സംബന്ധിച്ച് തൃശൂർ കോർപ്പറേഷനാണ് തീരുമാനമെടുക്കേണ്ടതെന്നും മന്ത്രി എം ബി രാജേഷ്. കോർപ്പറേഷൻ പുലികളി നടത്താൻ തീരുമാനിക്കുന്ന പക്ഷം മുൻവർഷം അനുവദിച്ച തുക ഈ വർഷവും വിനിയോഗിക്കാൻ അനുമതി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

************************************

## ഓൺലൈൻ ഭാഗ്യക്കുറി തട്ടിപ്പ്

RNUTVPM

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പേരിൽ ഓൺലൈനിൽ വ്യാജ ലോട്ടറി വില്പന നടത്തുന്ന ആപ്പുകൾ പ്ലേസ്റ്റോറിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഗൂഗിളിന് പോലീസ് നോട്ടീസ് നൽകി. ഇത്തരം ഓൺലൈൻ ലോട്ടറികളുടെ പരസ്യങ്ങൾ ഫേസ്ബുക്കിൽ നിന്ന് നീക്കാനും നോട്ടീസ് നൽകിയിട്ടുണ്ട്. ഓൺലൈൻ ലോട്ടറിയുടെ 60 വ്യാജ ആപ്പുകളാണ് പോലീസിന്റെ സൈബർ പട്രോളിങ്ങിനെത്തുടർന്ന് കണ്ടെത്തിയത്.

************************************

## ലോകായുക്ത

കേരള ലോകായുക്തയായി ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എൻ. അനിൽ കുമാർ സത്യപ്രതിജ്ഞ ചെയ്തു. രാജ് ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രിമാരും ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

************************************

## ജില്ലാതല അദാലത്ത്

തദ്ദേശസ്ഥാപനങ്ങളിലെ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിൽ നിയമപരമായി തീർപ്പാക്കാൻ കഴിയുന്ന മുഴുവൻ പരാതികളും ജില്ലാതല തദ്ദേശ അദാലത്തുകളിലൂടെ പരിഹരിക്കുമെന്ന് മന്ത്രി എം ബി രാജേഷ്. സർക്കാരിൻറെ നാലാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജില്ലാതല തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

RNU TVPM

************************************

## ഐ സി ഡി എസ് സെമിനാർ

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ച് പോഷകാഹാര അവബോധ സെമിനാർ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നാളെ സംഘടിപ്പിക്കും. ഐ സി ഡി എസിൻറെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സെമിനാർ പ്രശസ്ത എഴുത്തുകാരി റോസ്മേരി ഉദ്ഘാടനം ചെയ്യും.

************************************

## കൊല്ലം റെയിൽവേ - ഇൻട്രോ

കേന്ദ്ര സർക്കാർ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി 361 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുനർനിർമ്മിക്കുന്ന കൊല്ലം റെയിൽവേ സ്റ്റേഷന്റെ

നിർമ്മാണ പുരോഗതി എൻ. കെ. പ്രേമചന്ദ്രൻ എം.പി.യുടെ നേതൃത്വത്തിൽ വിലയിരുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...**

(വോയ്സ്)

************************************

**മഴ**

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് വ്യാപക മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

************************************

**മിൽമ**

ഓണക്കാലത്ത് ഒരു ലിറ്റർ പാലിന് ഒൻപത് രൂപ വീതം അധിക വില നൽകാൻ മിൽമ തിരുവനന്തപുരം മേഖല യൂണിയൻ ഭരണസമിതി തീരുമാനിച്ചു. ഇതിൽ ഏഴ് രൂപ ക്ഷീരസംഘങ്ങൾക്ക് അധിക പാൽവിലയായി നൽകും. ഇതിൽ അഞ്ചു രൂപ ക്ഷീരസംഘങ്ങൾ ക്ഷീരകർഷകർക്ക് നല്കണം.

************************************

RNU TVPM

## ശബരിമല തീർത്ഥാടനം

ശബരിമല മണ്ഡല- മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിവിധ വകുപ്പുകൾ ഒക്ടോബറിനകം പൂർത്തിയാക്കണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ നിർദേശം നൽകി. നിലയ്ക്കലിൽ കളക്ടറുടെ അധ്യക്ഷതയിൽ ഇന്ന് അവലോകന യോഗം ചേർന്നു. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, വഴിവിളക്കുകൾ, ഹെൽത്ത് കാർഡ് വിതരണം, മാലിന്യ നിർമാർജനം, ബയോ ടൊയ്‌ലറ്റ് സംവിധാനം, പാർക്കിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ യോഗത്തിൽ തീരുമാനിച്ചു.

*************************************

## ആചാര ജലമേള

ആറൻമുള ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനമായ ചിങ്ങത്തിലെ ഉത്രട്ടാതി നാളായ നാളെ ആറൻമുളയിൽ ആചാര ജലമേള നടക്കും. ഇക്കുറി കന്നിമാസത്തിലെ ഉത്യട്ടാതി നാളായ സെപ്റ്റംബർ 18ന് ആറൻമുള വള്ളംകളി നടക്കുന്നതിനാലാണ് ആചാര ജലമേള നാളെ നടത്തുന്നത്.

*************************************

## കൊല്ലം- അപകടം

കൊല്ലത്ത് രാവിലെ ഉണ്ടായ ശക്തമായ കാറ്റിലും തിരയിലും നാല് മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെട്ടു. ഇരവിപുരം കാക്കത്തോപ്പിലുണ്ടായ അപകടത്തിൽ ഒരു മത്സ്യത്തൊഴിലാളി മരിച്ചു. ആറ്റിങ്ങൽ മാമ്പള്ളി സ്വദേശി

RNU TVPM

ബിൽകിസ് ആണ് മരിച്ചത്. മയ്യനാട് മുക്കം ഭാഗത്തും, മരുത്തടി വളവിൽതോപ്പിലും പരവൂർ പൊഴിക്കര ഭാഗത്തും മറിഞ്ഞ മൂന്ന് വള്ളങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ നീന്തി രക്ഷപ്പെടുകയായിരുന്നു.

************************************

## ഉപഭോക്തൃ കോടതി

തിമിര ശസ്ത്രക്രിയയുടെ ചികിത്സാ ചെലവ് പൂർണമായും അനുവദിക്കാതെ ക്ലെയിം നിരസിച്ച ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി. പൂർണ്ണമായ ഇൻഷുറൻസ് തുകയും നഷ്ടപരിഹാരവും കോടതി ചെലവും ഉപഭോക്താവിന് നൽകണമെന്ന് കോടതി നിർദേശിച്ചു. എറണാകുളം, മൂവാറ്റുപുഴ സ്വദേശി സമർപ്പിച്ച പരാതിയിലാണ് കോടതിയുടെ ഉത്തരവ്.

RNU TVPM

********************************************************

*************************************

***********************